**പതിമൂന്നാം കേരള നിയമസഭ**
**12-ാംസമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3930** **15/12/2014 ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ**

| **ചോദ്യം**<br>**ശ്രീ.എം.ഹംസ** | **മറുപടി**<br>**തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും**<br>**ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.** |
|---|---|
| (എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്; അവ ഇപ്പോഴും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ; | (എ) പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ല. |
| (ബി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്; എന്ത് കാരണത്താലാണ് മെമ്മോ നൽകിയത്; പ്രസ്തുത കുറവുകൾ ടി സ്ഥാപനങ്ങൾ പരിഹരിക്കുമോ ; വിശദാംശം നൽകാമോ ; | (ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ തിരുപ്പൂർ ആയുർ കോട്ടൺ എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ശുദ്ധീകരിക്കാത്ത മലിനജലം പുറത്തേക്ക് ഒഴുക്കിയത് മൂലമാണ് അടച്ചു പൂട്ടൽ നിർദ്ദേശം നൽകിയത്. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല. |
| (സി) കഞ്ചിക്കോടിലെ വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതിയ്ക്ക് ഏതെല്ലാം തരത്തിലാണ് ദോഷം ചെയ്യുന്നത്; വിശദീകരണം നൽകാമോ; അതു പരിഹരിക്കുന്ന തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (സി) വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ജല, വായു, പാരിസ്ഥിതിക നിയമപ്രകാരമുള്ള അനുമതി ആവശ്യമാണ്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ 38 സ്റ്റീൽ നിർമ്മാണ യൂണിറ്റുകളുണ്ട്. എല്ലാ സ്റ്റീൽ നിർമ്മാണ ശാലകളിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്ലാഗ്, സിമന്റ് നിർമ്മാണ യൂണിറ്റുകളിലേയ്ക്ക് അസംസ്കൃത വസ്തുവായി നൽകുവാനാണ് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്നത്. പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിലുള്ള പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് ലിമിറ്റഡിൽ നിന്നുമുള്ള മലിനജല സംസ്കരണത്തിനായി മലിനജല സംസ്കരണ പ്ലാന്റ് ഉണ്ട്. ഉൽപ്പാദന പ്രക്രിയയിൽ നിന്നുള്ളതല്ലാത്ത മലിനജലത്തിന് (സ്വീവേജ്, സള്ളേജ്) ഒരു സ്വീവേജ് സംസ്കരണ പ്ലാന്റും പ്രവർത്തിക്കുന്നു. സംസ്കരിച്ച മലിനജലത്തിന്റെ ഒരു ഭാഗം ചെടികൾ നനയ്ക്കുന്നതിനും ബാക്കി പ്ലാന്റിലെ നേരിട്ട് ഉൽപ്പാദനത്തിനല്ലാത്ത ആവശ്യങ്ങൾക്ക് പുനരുപയോഗിക്കുകയുമാണ് ചെയ്യുന്നത്. |

ഇതിനു പുറമേ കഞ്ചിക്കോട് വ്യവസായ മേഖലയിൽ മലിനജലം ഉത്പാദിപ്പിക്കുന്ന എല്ലാ വ്യവസായ ശാലകളിലും മതിയായ മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരിച്ച ജലം നിശ്ചിത ഗുണനിലവാരം കൈവരിക്കുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണബോർഡ് പരിശോധനയിൽ ഉറപ്പു വരുത്തുന്നുണ്ട്.

അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു അന്തരീക്ഷ വായു ഗുണനിലവാര സ്റ്റേഷൻ മലിനീകരണ നിയന്ത്രണബോർഡ് ഏർപ്പെടുത്തി പ്രവർത്തിച്ചു വരുന്നു. കൂടാതെ വ്യവസായ വകുപ്പ് നിയോഗിച്ച കമ്മിറ്റി നിർദ്ദേശപ്രകാരം ജില്ലാ കളക്ടർ ചെയർമാനായി പരിസ്ഥിതി കാവൽ സംഘം രൂപീകരിക്കുകയും ടി സംഘം പ്രസ്തുത മേഖലയിലെ സ്ഥാപനങ്ങൾ കാരണമുള്ള മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ